'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6189 — 20.11.2019 ന് മറുപടിയ്ക്ക്.

## ആനകളോടുള്ള ക്രൂരത

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ.അബ്ദു റബ്ബ്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. പി.കെ.ബഷീർ<br>,, എം. ഉമ്മർ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ആനകളോടുള്ള ക്രൂരത വർദ്ധിച്ച് വരുന്നതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | നാട്ടാനകൾക്ക് മതിയായ പരിചരണം ലഭ്യമാക്കാത്തത്, വിശ്രമമില്ലാതെ ഉത്സവങ്ങളിൽ എഴുന്നള്ളിക്കുന്നത്, മുറിവുകളും പരിക്കുകളും ഉള്ള ആനകളെ എഴുന്നള്ളിക്കുന്നത്, മദപ്പാടുള്ള ആനകളെ എഴുന്നള്ളിക്കുന്നത്, ആനകളെ അകാരണമായി ക്രൂരമായ മർദ്ദനത്തിനും പീഢനത്തിനും വിധേയമാക്കുന്നത്, ആവശ്യമായ ആഹാരവും കുടിവെള്ളവും പാർപ്പിട സൗകര്യവും നൽകാത്തത്, രോഗാവസ്ഥയിലുള്ള ആനകൾക്ക് മതിയായ ചികിത്സ നൽകാത്തത് എന്നിവ സംബന്ധിച്ച് നിരവധി പരാതികൾ മുൻപിനാലെ ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ, 2012-ലെ നാട്ടാന പരിപാലന നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കി വരുന്നതിന്റെ അടിസ്ഥാനത്തിൽ സമീപകാലത്ത് നാട്ടാനകളോടുള്ള ക്രൂരത കുറഞ്ഞ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നാട്ടാന പരിപാലന നിയമത്തിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | നാട്ടാനകളെ പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 2012-ലെ നാട്ടാന പരിപാലന നിയമത്തിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമത്തിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനായി ജില്ലാ തലത്തിൽ സോഷ്യൽ ഫോറസ്ട്രി അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം കാലാകാലങ്ങളിൽ നാട്ടാനകളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നാട്ടാനകളുടെ ഉടമകൾക്കും നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. |
| (സി) | ഉത്സവ ആവശ്യത്തിനായി ഉപയോഗിക്കുന്ന ആനകളെ സംബന്ധിച്ച് 2015-ൽ സുപ്രീം കോടതി നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ആന ഉടമസ്ഥ സംഘടന അടക്കം എതിർ കക്ഷികളായി ബഹു.സുപ്രീം കോടതിയിൽ നടന്നുവരുന്ന ഡബ്ലിയു.പി.(സി) നമ്പർ 743/14-കേസിലെ 18.08.2015 തീയതിലെ ഇടക്കാല ഉത്തരവ് പ്രകാരം ആനകളെ ഉത്സവാഘോഷങ്ങളിൽ എഴുന്നള്ളിപ്പിക്കുന്ന എല്ലാ ഉത്സവ കമ്മിറ്റികളും ടി ഉത്തരവ് തീയതി മുതൽ 6 ആഴ്ചക്കുള്ളിൽ ജില്ലാ ഉത്സവ മോണിട്ടറിംഗ് കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. ഉത്തരവ് പ്രകാരം നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്യാത്ത ചില ക്ഷേത്രങ്ങളിൽ ആനകളെ എഴുന്നള്ളിപ്പിക്കുന്നതിന് തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി നിയമോപദേശം ഉൾപ്പെടെ ലഭ്യമാക്കി പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ